**സത്ത്വം രജസ്തമ ഇതി ത്രിവൃദേകമാദൌ**
**സൂത്രം മഹാനഹമിതി പ്രവദന്തി ജീവം**
**ജ്ഞാനക്രിയാർത്ഥഫലരൂപതയോരു ശക്തി**
**ബ്രഹ്മൈവ ഭാതി സദസച്ച തയോ: പരം യത് (11-3-37)**
**ആത്മാനം തൻമയം ധ്യായൻ മൂർത്തിം സംപൂജയേദ്ധരേ:**
**ശേഷാമാധായ ശിരസി സ്വധാമ്ന്യു ദ്വാസ്യ സത്കൃതം (11-3-54)**
**ഏവ മഗ്ന്യർക്കതോയാദാവതിഥൌ ഹൃദയേ ച യ:**
**യജതീശ്വരമാത്മാനമചിരാൻമുച്യതേ ഹി സ: (11-3-55)**

*പിപ്പലായന മഹർഷി പറഞ്ഞു:*
രൂപങ്ങൾ സദാ മറിക്കൊണ്ടിരിക്കുന്നു. എന്നാൽ ഉൺമ അചഞ്ചലമത്രെ. സ്വപ്ന-ജാഗ്രദ്-സുഷുപ്തി സമയങ്ങളിലെല്ലാം - സമാധിയിൽപ്പോലും അനുസ്യൂതം തുടർന്നു പോവുന്നത് അവബോധം മാത്രം. ആകാശം വീട്ടിനകത്തും പുറത്തും ചുമരിലും എല്ലാം തുടർച്ചയായും വേർപെടാതെയും സ്ഥിതിചെയ്യുന്നതുപോലെ യാണത്. അത് സൂര്യനേപ്പോലെ സ്വയം സ്പഷ്ടമാണ്. എത്ര വെളിച്ചമുണ്ടായാലും അന്ധനെ തീ ‘കാണിക്കാൻ’ സാധിക്കാത്തതുപോലെ എത്രതന്നെ വിവരിച്ചാലും ഊഹിച്ചാലും ആത്മീയാന്ധത ബാധിച്ചവന് അതിനെ ‘കാണാൻ’ സാധിക്കുകയില്ല. “ഗോചരമായ സൃഷ്ടിക്കുമുൻപും ഉൺമ ഉണ്ടായിരുന്നു. അതിനെ സത്വ-രജ-തമസ്സ് എന്നീ ഗുണങ്ങളിലൂടെ പല രീതിയിൽ വിവരിച്ചു. അനേക രീതികളിലവതരിക്കാൻ കഴിവുള്ള സൂത്രമാനായും, വിശ്വബോധമായും, ജീവനിലെ ‘അഹം’ഭാവമായും അറിവ്-കർമ്മം-കർമ്മഫലം എന്നിവയായും, ഉൺമയും പ്രകടിതമായ ഉൺമയായും, ഇവകൾക്കെല്ലാമതീതമായും, അനന്തമായ ഉൺമ മാത്രമായും വിവരിക്കപ്പെടുന്നു. ഈ ഉൺമക്ക് ജനനമരണങ്ങളോ മാറ്റങ്ങളോ ഇല്ല. അതിന്റെ സർവ്വാന്തര്യാമിത്ത്വം കാരണം അത് എല്ലാ ജീവജാലങ്ങളിലുമധിവസിക്കുന്നു എന്നു മനസ്സിലാക്കാം. കാഴ്ചയുള്ളവനു മാത്രമേ ഈ പ്രകാശം കാണാനാവൂ. ഭഗവൽഭക്തനു മാത്രമേ ഹൃദയം നിറഞ്ഞ ഭക്തി കൊണ്ട് ഈ സത്യത്തെ ‘കാണാൻ’ കഴിയൂ.

*അവിർഹോത്ര മുനി പറഞ്ഞു:*
ജ്ഞാനികൾ പോലും വൈദീക വിധികളെപ്പറ്റിയും അനുശാസിതമോ നിഷിദ്ധമോ ആയ കർമ്മങ്ങളെപ്പറ്റിയും അവയുടെ വിശിഷ്ടതകളെപ്പറ്റിയും പലപ്പോഴും ശരിയായ ധാരണയില്ലാത്തവരത്രെ. വേദങ്ങൾ കൊട്ടിഘോഷിക്കുന്നത് കർമ്മത്തെ കർമ്മം കൊണ്ട് നേരിടാനാണ്. വിഡ്ഢികളായവരെ അതിലേക്കാകർഷിക്കാൻ സ്വർഗ്ഗജീവിതം തുടങ്ങിയ പ്രലോഭനങ്ങളും അതു നൽകുന്നു. അജ്ഞാനിയായ വിഡ്ഢി വേദശാസനകളെ ഉപേക്ഷിക്കുന്നതായാൽ തീർച്ചയായും അവസാനമില്ലാത്ത കർമ്മങ്ങൾക്കും പ്രതിപ്രവർത്തനങ്ങൾക്കും ഇരയാവുന്നു. എന്നാൽ വേദാനുസാരിയായ കർമ്മങ്ങൾ ഇഹലോക ലാഭേഛയോ സ്വർഗ്ഗലാഭേഛയോ കൂടാതെ അനുഷ്ടിക്കുന്ന ഒരുവന് മോക്ഷം ലഭിക്കുന്നു. അങ്ങിനെയുള്ളവനുവേണ്ടി വിപുലവും ഫലവത്തുമായ തന്ത്രവിധികളിലൂടെ ഭഗവാനെ ആരാധിക്കുന്നതെങ്ങിനെയെന്നുള്ള വിശദീകരണങ്ങൾ വേദങ്ങളിലുണ്ട്. ഈ മാർഗ്ഗങ്ങൾ ഗുരുമുഖത്തുനിന്നും പഠിച്ച ഒരുവൻ തന്റെ ഇഷ്ടാനുസരണം ഒരു ഈശ്വരബിംബത്തെ പൂജിക്കണം. “സ്വയം ഈശ്വരവിലീനനായി കണക്കാക്കി ഭഗവൽപ്പൂജ നടത്തി പൂജാസമയത്ത് പവിത്രമാക്കപ്പെട്ട പുഷ്പവും ജലവും അയാൾ തലയിലണിയണം. ഇങ്ങിനെ അയാൾ അഗ്നിയിലും ജലത്തിലും സൂര്യനിലും അതിഥിയിലും സ്വന്തമാത്മാവിലും ഉള്ള ഈശ്വരനെ പൂജിക്കണം. അങ്ങിനെ അയാൾ താമസംവിനാ മോക്ഷപദം പ്രാപിക്കുന്നു.”